ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

DATE: 11.03.2025 | പ്രധാന വാർത്തകൾ | TIME : 07.25 AM

1. പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ രണ്ട് ദിവസത്തെ മൗറീഷ്യസ് സന്ദർശനത്തിന് തുടക്കം; ചരിത്രം, ഭൂമിശാസ്ത്രം, സംസ്കാരം എന്നിവയാൽ പരസ്പരം ബന്ധപ്പെട്ടിരിക്കുന്ന രാഷ്ട്രങ്ങളാണ് ഇന്ത്യയും മൗറീഷ്യസുമെന്ന് പ്രധാനമന്ത്രി.

   **Prime Minister Narendra Modi Begins Two-Day Visit to Mauritius; Says India and Mauritius are Countries Bound by History, Geography, and Culture.**

2. രാഷ്ട്രപതി ദ്രൗപദി മുർമു ഇന്ന് പഞ്ചാബിൽ, ബട്ടിൻഡയിലെ കേന്ദ്ര സർവകലാശാലയുടെയും, എയിംസിൻറെയും ബിരുദദാന ചടങ്ങുകളിൽ പങ്കെടുക്കും.

   **President Droupadi Murmu to Attend Convocation Ceremonies at Central University and AIIMS in Bathinda, Punjab Today.**

3. വിദേശകാര്യ മന്ത്രി എസ്.ജയ്ശങ്കർ അർമേനിയൻ വിദേശകാര്യ മന്ത്രിയുമായി ന്യൂഡൽഹിയിൽ കൂടിക്കാഴ്ച നടത്തി. ഇന്ത്യ - അർമേനിയ ബന്ധം ചരിത്രത്തിൽ വേരൂന്നിയതാണെന്ന് വിദേശകാര്യ മന്ത്രി.

   **External Affairs Minister S. Jaishankar Holds Talks with Armenian Foreign Minister in New Delhi; Says India-Armenia Ties Are Rooted in History.**

4. രാജ്യത്ത് കാർഷിക മേഖലയുടെ വികസനത്തിനായി ആവിഷ്കരിച്ച പദ്ധതികൾ ഉൽപാദനത്തിലെ റെക്കോർഡ് വർധനവിന് കാരണമാകുമെന്ന് കേന്ദ്ര കൃഷി മന്ത്രി ശിവരാജ് സിംഗ് ചൗഹാൻ.

Union Agriculture Minister Shivraj Singh Chouhan Says Initiatives for Agricultural Development Will Lead to Record Growth in Production.

5. ഭൂമി കൈയേറ്റങ്ങളിൽ യാതൊരു വിട്ടുവീഴ്ചയുമില്ലെന്ന് റവന്യൂ മന്ത്രി കെ.രാജൻ; ഇടുക്കി പരുന്തുംപാറയിലെ കൈയേറ്റത്തിൽ കർശന നടപടി സ്വീകരിക്കുമെന്നും മന്ത്രി.

Revenue Minister K. Rajan Says There Will Be No Compromise on Land Encroachments; Strict Action to Be Taken in Idukki Parunthumpara Encroachment.

$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$

## PM MAURITIUS VISIT

ചരിത്രം, ഭൂമിശാസ്ത്രം, സംസ്കാരം എന്നിവയാൽ പരസ്പരം ബന്ധപ്പെട്ടിരിക്കുന്ന രാഷ്ട്രങ്ങളാണ് ഇന്ത്യയും മൗറീഷ്യസുമെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി. രണ്ട് ദിവസത്തെ മൗറീഷ്യസ് സന്ദർശനത്തിനായി യാത്ര തിരിക്കും മുൻപ് നൽകിയ പ്രസ്താവനയിലാണ് അദ്ദേഹം ഇക്കാര്യം വ്യക്തമാക്കിയത്. രാജ്യങ്ങളുടെ സമൃദ്ധി, ജനങ്ങളുടെ പുരോഗതി, ഇന്ത്യൻ മഹാസമുദ്ര മേഖലയിലെ സുരക്ഷയും വികസനവും തുടങ്ങിയ ലക്ഷ്യങ്ങൾ മുൻനിർത്തി ഇരുരാജ്യങ്ങളും തമ്മിലുള്ള സൗഹൃദം ശക്തിപ്പെടുത്തുമെന്നും പ്രധാനമന്ത്രി പറഞ്ഞു. ഇന്ന് രാവിലെ മൗറീഷ്യസിലെത്തുന്ന പ്രധാനമന്ത്രി നാളെ മൗറീഷ്യസ് ദേശീയ ദിനാഘോഷങ്ങളിൽ മുഖ്യാതിഥിയാകും. ഇന്ത്യൻ പ്രതിരോധ സേന സംഘവും നാവികസേനയുടെ ഒരു കപ്പലും ആഘോഷങ്ങളുടെ ഭാഗമാകും. ഇന്ന് മൗറീഷ്യസ് പ്രസിഡൻറുമായും, പ്രധാനമന്ത്രിയുമായും ഉഭയകക്ഷി കൂടിക്കാഴ്ച നടത്തുന്ന ശ്രീ. നരേന്ദ്ര മോദി, മൗറീഷ്യസിലെ ഇന്ത്യൻ സമൂഹവുമായും സംവദിക്കും.

$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$

## PREZ-PUNJAB VISIT

രാഷ്ട്രപതി ദ്രൗപദി മുർമുവിന്റെ രണ്ട് ദിവസത്തെ പഞ്ചാബ്, ചണ്ഡീഗഡ് സന്ദർശനത്തിന് ഇന്ന് തുടക്കം. പഞ്ചാബിൽ,

ബട്ടിൻഡയിലെ കേന്ദ്ര സർവകലാശാലയുടെയും, എയിംസിൻറെയും ബിരുദദാന ചടങ്ങുകളിൽ രാഷ്ട്രപതി പങ്കെടുക്കും. മൊഹാലിയിൽ, പഞ്ചാബ് സർക്കാർ ഒരുക്കുന്ന പൗര സ്വീകരണത്തിലും ശ്രീമതി മുർമു പങ്കെടുക്കും. നാളെ, പഞ്ചാബ് സർവകലാശാലയുടെ 72-ാമത് ബിരുദദാന ചടങ്ങിൽ രാഷ്ട്രപതി മുഖ്യാതിഥിയാകും.

$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$

## JAISHANKAR-ARMENIA FM

ഇന്ത്യ - അർമേനിയ ബന്ധം ചരിത്രത്തിൽ വേരൂന്നിയതാണെന്ന് വിദേശകാര്യ മന്ത്രി എസ്. ജയ്ശങ്കർ. ഇരു രാജ്യങ്ങൾക്കുമിടയിലെ ഉഭയകക്ഷി വ്യാപാരവും പ്രതിരോധ സഹകരണവും വർദ്ധിച്ചതായി അദ്ദേഹം പറഞ്ഞു. അർമേനിയ, ഇന്റർനാഷണൽ ബിഗ് ക്യാറ്റ് സഖ്യത്തിൽ ചേർന്നതിൽ ശ്രീ ജയ്ശങ്കർ സന്തോഷം രേഖപ്പെടുത്തി. ഇന്നലെ ഡൽഹിയിൽ അർമേനിയൻ വിദേശകാര്യ മന്ത്രി അരാരത്ത് മിർസോയനുമായുള്ള കൂടിക്കാഴ്ചയിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.

$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$

## PARLIAMENT-BUDGET SESSION

പാർലമെൻററ് ബജറ്റ് സമ്മേളനത്തിൻറെ രണ്ടാം ഘട്ടത്തിന് ഇന്നലെ തുടക്കമായി. പി.എം ശ്രീ പദ്ധതി തമിഴ്നാട്ടിൽ നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട ഡി.എം.കെ പ്രതിഷേധത്തെ തുടർന്ന് ലോക്സഭയിൽ നടപടികൾ അര മണിക്കൂറോളം തടസ്സപ്പെട്ടു. 2024-25 ലേക്കുള്ള രണ്ടാം ഘട്ട അനുബന്ധ ധനാഭ്യർത്ഥനകൾ കേന്ദ്ര ധനമന്ത്രി നിർമ്മല സീതാരാമൻ ലോക്സഭയിൽ അവതരിപ്പിച്ചു.

$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$

## RS - RAILWAY AMENDMENT BILL(INTRO)

റെയിൽവേ (ഭേദഗതി) ബിൽ 2024 റെയിൽവേ മന്ത്രി അശ്വിനി വൈഷ്ണവ് രാജ്യസഭയിൽ അവതരിപ്പിച്ചു. റയിൽവേ ബോർഡിൻറെ പ്രവർത്തനം, സ്വയംഭരണം തുടങ്ങിയവ

ഉദ്ദേശിച്ചുള്ളതാണ് ബിൽ. റയിൽവേയിൽ നിരവധി പരിഷ്ക്കാരങ്ങളാണ് കേന്ദ്രസർക്കാരിന്റെ നേതൃത്വത്തിൽ നടന്നു വരുന്നതെന്ന് കേന്ദ്രമന്ത്രി പറഞ്ഞു. ( വോയിസ്...)

1905 ലെ ഇന്ത്യൻ റെയിൽവേ ബോർഡ് ആക്ടിലെ എല്ലാ വ്യവസ്ഥകളും ഈ ബില്ലിലൂടെ 1989 ലെ റെയിൽവേ ആക്ടിൽ ഉൾപ്പെടുത്താൻ നിർദ്ദേശിച്ചിട്ടുണ്ടെന്നും ശ്രീ വൈഷ്ണവ് പറഞ്ഞു.

$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$

11

## BILLS OF LADING BILL

സമുദ്ര മേഖലയിലെ വാണിജ്യ പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനായി ചരക്ക് ഗതാഗതവുമായി ബന്ധപ്പെട്ട 'ബിൽസ് ഓഫ് ലേഡിംഗ് ബിൽ' 2024, ലോക്സഭ പാസാക്കി. 1856 ലെ ഇന്ത്യൻ ബിൽസ് ഓഫ് ലേഡിംഗ് ആക്ടിന് പകരമായിരിക്കും പുതിയ നിയമം. കൊണ്ടുപോകുന്ന സാധനങ്ങളുടെ വിശദാംശങ്ങൾ ബില്ലിൽ അടങ്ങിയിരിക്കുന്നു. രാജ്യത്തെ വ്യാപാര, വാണിജ്യ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിനും സമുദ്ര മേഖലയുടെ വളർച്ചക്കും ഈ നിയമനിർമ്മാണത്തിലൂടെ സാധിക്കുമെന്ന് കേന്ദ്ര മന്ത്രി സർബാനന്ദ സോനോവാൾ പറഞ്ഞു.

$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$

## LS - WORKER

30 കോടി 68 ലക്ഷത്തിലധികം അസംഘടിത തൊഴിലാളികൾ ഇ-ശ്രം പോർട്ടലിൽ രജിസ്റ്റർ ചെയ്തതായി കേന്ദ്ര സഹമന്ത്രി ശോഭ കരന്ദ്ലാജെ ലോക്സഭയെ അറിയിച്ചു. ഇവരിൽ 53 ശതമാനത്തിലധികം സ്ത്രീ തൊഴിലാളികളാണെന്നും അവർ പറഞ്ഞു. ഇതുവരെ, വിവിധ മന്ത്രാലയങ്ങളുടെയും വകുപ്പുകളുടെയും 13 പദ്ധതികൾ ഇ-ശ്രമുമായി സംയോജിപ്പിച്ചിട്ടുണ്ടെന്ന് ശ്രീമതി ശോഭ അറിയിച്ചു.

$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$

## ASHA WORKERS LS

സെക്രട്ടേറിയറ്റിന് മുന്നിൽ സമരം ചെയ്യുന്ന ആശവർക്കർമാരുടെ സമരം പാർലമെൻറിൽ ഉന്നയിച്ച് കേരളത്തിൽ നിന്നുള്ള എംപിമാർ. വിഷയത്തിൽ കേന്ദ്ര ഇടപെടലുണ്ടാകണമെന്ന് വി കെ ശ്രീകണ്ഠൻ എംപി ആവശ്യപ്പെട്ടു. അതേസമയം, ഈ മാസം 17 ന് സെക്രട്ടേറിയറ്റ് ഉപരോധം സംഘടിപ്പിക്കുമെന്ന് സംസ്ഥാന ആശാ ഹെൽത്ത് വർക്കേഴ്സ് യൂണിയൻ അറിയിച്ചു.

$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$

## AGRICULTURE-DATA

പ്രധാന കാർഷിക വിളകളുടെ 2024-25 വർഷത്തെ ഉൽപാദനത്തിന്റെ രണ്ടാം പാദ കണക്കുകൾ കേന്ദ്ര കാർഷിക കർഷക ക്ഷേമ മന്ത്രാലയം പുറത്തിറക്കി. ഖാരിഫ് ഭക്ഷ്യധാന്യ ഉൽപാദനം ഏകദേശം ആയിരത്തി 664 ലക്ഷം മെട്രിക് ടണ്ണും, റാബി ഉൽപാദനം ആയിരത്തി 645 ലക്ഷം മെട്രിക് ടണ്ണും കവിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. കാർഷിക മേഖലയുടെ വികസനത്തിനും, കർഷകരുടെ ഉന്നമനത്തിനും ആവിഷ്കരിച്ച വിവിധ പദ്ധതികൾ ഉൽപാദനത്തിലെ റെക്കോർഡ് വർദ്ധനവിന് കാരണമാകുമെന്ന് കേന്ദ്ര കൃഷി മന്ത്രി ശിവരാജ് സിംഗ് ചൗഹാൻ പറഞ്ഞു.

$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$

## ASSEMBLY WALKOUT

കേരളത്തിലെ ക്ഷേമനിധി ബോർഡുകളിൽ അംഗങ്ങളായ തൊഴിലാളികളുടെ പെൻഷനും ആനുകൂല്യങ്ങളും കുടിശികയായ സാഹചര്യം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്ന് പ്രതിപക്ഷം ഇന്നലെ നിയമസഭയിൽ ആവശ്യപ്പെട്ടു. എം വിൻസൻറ് നൽകിയ ഉപക്ഷേപ നോട്ടീസിന് സ്പീക്കർ അനുമതി നൽകാത്തതിൽ പ്രതിഷേധിച്ച് പ്രതിപക്ഷം സഭയിൽ നിന്നും ഇറങ്ങിപ്പോയി. ബജറ്റിലെ ധനാഭ്യർത്ഥനകളിന്മേലുള്ള ചർച്ചയും സഭയിൽ നടന്നു.

$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$

## SABARIMALA

ശബരിമലയിലെ ദർശന രീതിയിൽ മാറ്റം വരുത്താൻ തീരുമാനിച്ചതായി തിരുവിതാംകൂർ ദേവസ്വം ബോർഡ് പ്രസിഡന്റ് പി എസ് പ്രശാന്ത്. ഭക്തർക്ക് കൊടിമരച്ചുവട്ടിൽ നിന്ന് ബലിക്കല്ല് വഴി ശ്രീകോവിലിലെത്തി അയ്യപ്പനെ ദർശിക്കാൻ സൗകര്യമൊരുക്കും. മീനമാസ പൂജകൾക്കായി നട തുറക്കുന്ന ഈ മാസം 14 ന് ഇതിൻറെ ട്രയൽ ആരംഭിക്കുമെന്നും അദ്ദേഹം തിരുവനന്തപുരത്ത് വാർത്താ സമ്മേളനത്തിൽ പറഞ്ഞു.

$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$

## K RAJAN – PARUMTHUMPARA (INTRO)

ഇടുക്കി പരുന്തുംപാറയിലെ ഭൂമി കൈയേറ്റത്തിൽ കർശന നടപടികൾ സ്വീകരിക്കുമെന്ന് റവന്യൂ മന്ത്രി കെ.രാജൻ. റവന്യൂ മന്ത്രിയുടെ അദ്ധ്യക്ഷതയിൽ ഇന്നലെ അടിയന്തിര ഉന്നത തല യോഗം ചേർന്ന് സ്ഥിതിഗതികൾ വിലയിരുത്തി. വിശദമായ അന്വേഷണത്തിനായി 15 പേരടങ്ങുന്ന റവന്യൂ സംഘത്തെ സ്ഥലത്ത് നിയോഗിച്ചിട്ടുണ്ട്. പ്രദേശത്ത് നിലവിൽ നിരോധനാജ്ഞ നിലനിൽക്കുകയാണ്. ഭൂമി കൈയേറ്റങ്ങളിൽ യാതൊരു വിട്ടുവീഴ്ചയും ചെയ്യില്ലെന്ന് മന്ത്രി കെ.രാജൻ ഇന്നലെ നിയമസഭയിൽ അറിയിച്ചിരുന്നു. ( വോയിസ്..... )

$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$

## WEATHER – KERALA

കേരളത്തിൽ കനത്ത ചൂട് തുടരുന്നു. തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ഇടുക്കി ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രതാ മുന്നറിയിപ്പ് നൽകിയിരുന്നു. അതേസമയം കേരളത്തിൽ ഒറ്റപ്പെട്ടയിടങ്ങളിൽ ഇടിമിന്നലോടു കൂടിയ മഴയ്ക്ക് സാധ്യതയുണ്ടെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ് അറിയിച്ചു.

$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$

## PARA ATHLETICS GRAND PRIX

വേൾഡ് പാരാ അത്‌ലറ്റിക്സ് ഗ്രാൻഡ് പ്രിക്സിന് ഇന്ന് ന്യൂഡൽഹിയിലെ ജവഹർലാൽ നെഹ്റു സ്റ്റേഡിയത്തിൽ തുടക്കമാകും. മൂന്ന് ദിവസത്തെ മത്സരത്തിൽ ഇന്ത്യയിൽ നിന്ന് 145 താരങ്ങളും 20 രാജ്യങ്ങളിൽ നിന്നുള്ള പാരാ അത്‌ലറ്റുകളും ഉൾപ്പെടെ 250 പേർ പങ്കെടുക്കും. 90 അത്‌ലറ്റിക്സ് ഇനങ്ങളിലാണ് മത്സരം. പാരീസ് പാരാ അത്‌ലറ്റിക്സ് സ്വർണ്ണ മെഡൽ ജേതാക്കളായ പ്രവീൺ കുമാർ, നവ്ദീപ് സിംഗ്, ധരംബീർ എന്നിവരാണ് ഇന്ത്യൻ സംഘത്തെ നയിക്കുന്നത്.

$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$

## KHELO INDIA GAMES

ജമ്മു കശ്മീരിലെ ഗുൽമാർഗിൽ ഖേലോ ഇന്ത്യ വിന്റർ ഗെയിംസിന്റെ അഞ്ചാം പതിപ്പ് തുടരുന്നു. ഇന്നലെ, പുരുഷന്മാരുടെ വെർട്ടിക്കൽ സ്കീ മൗണ്ടനീയറിംഗ് ഇനത്തിൽ മഹാരാഷ്ട്രയിൽ നിന്നുള്ള സിദ്ധാർത്ഥ ഗഢേക്കർ സ്വർണ മെഡൽ നേടി. ഇതേ വിഭാഗത്തിലെ വനിതകളുടെ മത്സരത്തിൽ ഹിമാചൽ പ്രദേശിന്റെ ടെൻസിൻ ഡോൽമയ്ക്കാണ് സ്വർണ്ണം.

$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$

## WPL CRICKET

WPL ക്രിക്കറ്റിൽ ഇന്നലെ മുംബൈ ഇന്ത്യൻസ് - ഗുജറാത്ത് ജയന്റ്സിനെ ഒമ്പത് റൺസിന് പരാജയപ്പെടുത്തി. മുംബൈ ഉയർത്തിയ 180 റൺസ് വിജയലക്ഷ്യം പിന്തുടർന്ന ഗുജറാത്ത് 170 റൺസിന് എല്ലാവരും പുറത്താവുകയായിരുന്നു.

$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$

## AFGANISTAN CRISIS

അഫ്ഗാനിസ്ഥാനിലെ സ്ത്രീകൾക്ക് അവരുടെ അടിസ്ഥാന മൗലികാവകാശങ്ങൾ നിഷേധിക്കപ്പെടുകയാണെന്ന് യു.എൻ മനുഷ്യാവകാശ ഹൈക്കമ്മീഷണർ വോൾക്കർ ടർക്ക്.

അഫ്ഗാനിസ്ഥാനിൽ, സ്ത്രീകളും പെൺകുട്ടികളും സമാനതകളില്ലാത്ത ലിംഗ വിവേചനത്തിനാണ് വിധേയരാകുന്നതെന്ന് അദ്ദേഹം പറഞ്ഞു.

$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$